ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

❖

പള്ളിയറ ശ്രീധരൻ

# ഗലീലിയോ ഗലീലി

ഭൗതിക-വാനശാസ്ത്രജ്ഞനായി അറിയപ്പെടുന്ന ഗലീലിയോ ഗലീലി ഒരു പ്രസിദ്ധ ഗണിതശാസ്ത്രജ്ഞൻ കൂടിയാണ്. ഇറ്റലിയിലെ പിസ നഗരത്തിനടുത്തുള്ള ഒരു ഗ്രാമപ്രദേശത്ത് വിൻസെൻസോ ഗലീലി-ഗിലിയാ അമ്മനട്ടി ദമ്പതികളുടെ ആദ്യപുത്രനായി 1564ൽ ഗലീലിയോ ഗലീലി ജനിച്ചു.

ഗലീലിയോവിന് എട്ട് വയസ്സായപ്പോൾ കുടുംബം പിതാവിന്റെ ജന്മനഗരമായ ഫ്ളോറൻസിലേക്കു പോയി. പക്ഷെ ഗലീലിയോ പിസയിൽ തന്നെ അമ്മയുടെ ഒരു ബന്ധുവിനോടൊപ്പമാണ് കഴിഞ്ഞത്. രണ്ടു വർഷത്തിനുശേഷം തന്റെ മാതാപിതാക്കളോടൊപ്പം ചേർന്നു. ജാക്കോപോ ബോർക്കിനി എന്ന ഒരു അധ്യാപകൻ ഗലീലിയോവിന് വിദ്യാഭ്യാസം നല്കി. പിന്നീട് കുറച്ചു കലെയുള്ള ഒരു മതപാഠശാലയിൽ ചേർന്നു.

ഗലീലിയോവിനെ ഒരു ഡോക്ടർ ആക്കാനാണ് പിതാവ് ആഗ്രഹിച്ചത്. അതിനാൽ അദ്ദേഹം ഗലീലിയോവിനെ വൈദ്യപഠനത്തിനയച്ചു. വൈദ്യപഠനത്തിൽ ഗലീലിയോ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. ഗണിതശാസ്ത്രത്തിലും തത്വശാസ്ത്രത്തിലുമായിരുന്നു ഗലീലിയോവിന് താത്പര്യം. ഒടുവിൽ ബിരുദം നേടാതെ വിദ്യാഭ്യാസം അവസാനിപ്പിക്കുകയാണ് ചെയ്തത്.

പഠനം അവസാനിപ്പിച്ച ഗലീലിയോ 1585ൽ ഫ്ളോറൻസിൽ ഗണിതം പഠിപ്പിക്കാൻ തുടങ്ങി. ആദ്യം സ്വകാര്യമായാണ് തുടങ്ങിയതെങ്കിലും പിന്നീട് പൊതുനിയമം ലഭിച്ചു. 1587ൽ റോമിലെ ജെസ്യൂട്ട് കോളജിൽ ഗണിതശാസ്ത്ര പ്രൊഫസറായിരുന്ന ക്ലാവിയസിനെ സന്ദർശിച്ചു. ബൊലോഗ്ന സർവകലാശാലയിൽ ഒരു ഗണിതശാസ്ത്രാധ്യാപകനായി ചേരുകയായിരുന്നു സന്ദർശനോദ്ദേശ്യമെങ്കിലും അത് നടന്നില്ല.



1589ൽ പിസ സർവകലാശാലയിൽ ഗലീലിയോ ഒരു ഗണിതശാസ്ത്രാധ്യാപകനായി ചേർന്നു. മൂന്നു വർഷക്കാലം അദ്ദേഹം അവിടെ ജോലിചെയ്തു. ഇക്കാലത്താണ് അദ്ദേഹം ചലനനിയമങ്ങളുമായി ബന്ധപ്പെട്ട 'ഡി മോട്ടു' എന്ന ഗ്രന്ഥം രചിച്ചത്. പക്ഷേ ഈ ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചില്ല. പിന്നീട് ഗലീലിയോ പാദുവ സർവകലാശാലയിലെ ഗണിതശാസ്ത്ര പ്രൊഫസറായി നിയമിക്കപ്പെട്ടു. വാനശാസ്ത്രവും യൂക്ലിഡിന്റെ ജ്യാമിതിയുമാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്.

വെനീസിൽ നിന്ന് എത്തിയ മേരിയ ഗാമ്പ എന്ന ഒരു യുവതിയുമായി ഗലീലിയോ സ്നേഹബന്ധത്തിലായി. തന്റെ സാമ്പത്തിക സ്ഥിതി മോശമാണെന്ന് കരുതി മേരിയയെ ഗലീലിയോ വിവാഹം ചെയ്തിരുന്നില്ല. 1600ൽ അവരുടെ ആദ്യത്തെ മകൾ വിർജീനിയ പിറന്നു. പിറ്റേവർഷം രണ്ടാമത്തെ മകൾ ലിവിയയും 1606ൽ വിൻസെൻസോ എന്ന മകനും ജനിച്ചു.

1610ൽ ഗലീലിയോ പാദുവ സർവകലാശാലയിലെ ഗണിതശാസ്ത്ര പ്രൊഫസർ സ്ഥാനം രാജിവച്ച് പിസ സർവകലാശാലയിൽ മുഖ്യ ഗണിതശാസ്ത്രജ്ഞനായി ചേർന്നു. അവിടെ പഠിപ്പിക്കാനുള്ള ചുമതലയുണ്ടായിരുന്നില്ല. ടസ്ക്കാനിയിലെ ഗ്രാൻഡ് ഡ്യൂക്കിന്റെ ഗണിതശാസ്ത്രജ്ഞനും തത്വശാസ്ത്രജ്ഞനുമായി അദ്ദേഹം നിയമിക്കപ്പെട്ടു. ഇതിനിടയിൽ സ്വന്തമായി ടെലസ്കോപ്പ് നിർമിച്ച് വാനശാസ്ത്രത്തിൽ ചില കണ്ടുപിടുത്തങ്ങൾ നടത്തി പ്രശസ്തനായി.

●●●●

**ഗലീലിയോവിനെ ഒരു ഡോക്ടർ ആക്കാനാണ് പിതാവ് ആഗ്രഹിച്ചത്. അതിനാൽ അദ്ദേഹം ഗലീലിയോവിനെ വൈദ്യപഠനത്തിനയച്ചു. വൈദ്യപഠനത്തിൽ ഗലീലിയോ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. ഗണിതശാസ്ത്രത്തിലും തത്വശാസ്ത്രത്തിലുമായിരുന്നു ഗലീലിയോവിന് താത്പര്യം. ഒടുവിൽ ബിരുദം നേടാതെ വിദ്യാഭ്യാസം അവസാനിപ്പിക്കുകയാണ് ചെയ്തത്.**

●●●●

പെൻഡുലതത്വം അദ്ദേഹത്തിന്റെ മികച്ച ഒരു കണ്ടുപിടുത്തമാണ്. ജീവിതത്തിന്റെ അവസാനകാലത്ത് അദ്ദേഹം വീട്ടുതടങ്കലിലായിരുന്നു. 1642ൽ ഗലീലിയോ അന്തരിച്ചു. ❐

---

>> 7

# മക്രോണിയും ലാവ്ലിനും കമ്യൂണിസവും

പണം അപഹരിച്ചുവെന്ന മുഖ്യപ്രശ്നം കമ്മീഷന്റെ മുമ്പിൽ വരാനിരിക്കെ തന്നെ അന്വേഷണം പ്രഹസനമാണെന്ന് ആക്ഷേപമുണ്ടായി. എന്നിട്ടു പോലും കമ്മീഷന് ഒന്നര ലക്ഷം രൂപയുടെ അഴിമതി ഉണ്ടെന്ന് കാണിക്കേണ്ടി വന്നിരിക്കുന്നു.

രാമൻ നായർ കമ്മീഷനെ നിയമിക്കു



ഇ. ബാലാനന്ദൻ

മ്പോൾ ഇഎംഎസ്സ് ഗവൺമെണ്ടിന് അനുകൂല നിലപാട് സ്വീകരിക്കുമെന്ന പ്രതീക്ഷയിലായിരുന്നു കമ്യൂണിസ്റ്റ് പാർട്ടി. ഇഎംഎസ്സ് കമ്മീഷനെക്കുറിച്ച് എഴുതി; 'ഈ ആരോപണം നേരിടുന്നതിന് ജസ്റ്റീസ് പി. ടി. രാമൻ നായരെ ഏകാംഗകമ്മീഷനായി നിയമിച്ചു. കമ്മീഷന്റെ പരിശോധന മാസങ്ങളോളം നീണ്ടുനിന്നു. അവസാനം റിപ്പോർട്ട് വന്നപ്പോൾ ആരോപണങ്ങളൊന്നും തെളിഞ്ഞില്ല. എങ്കിലും ഗവൺമെണ്ടിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും പേരിൽ സംശയം ഉളവാക്കത്തക്ക ഒരഭിപ്രായം കമ്മീഷൻ രേഖപ്പെടുത്തി.' ഒന്നരകൊല്ലത്തെ ഭരണം കൊണ്ട് ഒന്നരലക്ഷം രൂപ കരസ്ഥമാക്കിയ കമ്യൂണിസ്റ്റ് വിരുതിന്റെ പകർന്നാട്ടമാണ് ലാവ്ലിനിലൂടെ പിണറായി വിജയൻ നടത്തിയിരുന്നത്.

വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനായ സിഐടിയുവിന്റെ അഖിലേന്ത്യാ തലത്തിലുള്ള ഏറ്റവും പ്രമുഖനായ നേതാവായിരുന്നു അന്തരിച്ച ഇ. ബാലാനന്ദൻ. പോളിറ്റ് ബ്യൂറോ അംഗം കൂടിയായിരുന്ന ഇ. ബാലാനന്ദനെ കേരളത്തിലെ പന്നിയാർ, ചെങ്കുളം, പള്ളിവാസൽ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തെയും



സി.പി. സുധാകരപ്രസാദ്

ശേഷിവർധനവിനെയും കുറിച്ച് പഠിക്കാനായി സിപിഎം സംസ്ഥാന കമ്മിറ്റി നിയോഗിച്ചു. ആ കമ്മിറ്റിയുടെ നിഗമനം തന്നെ യന്ത്രോപകരണങ്ങൾ പലതും മാറ്റിവയ്ക്കേണ്ടെന്നും 100 കോടി രൂപയ്ക്ക് നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്നുമായിരുന്നു. അതാണ് പിണറായി വിജയൻ 374.5 കോടി രൂപയ്ക്ക് ലാവ്ലിൻ കമ്പനിക്ക് കരാർ നല്കിയത്. ഇവിടെയാണ് കേരളത്തിലെ അഡ്വക്കേറ്റ് ജനറൽ, നിയമോപദേശം സംസ്ഥാന സർക്കാരിന് നല്കുന്നുവെന്ന വ്യാജേന പിണറായിയെ കുറ്റവിമുക്തനാക്കാൻ ഫയലെഴുതിയത്.

തന്റെ സ്ഥാനം നഷ്ടപ്പെടാതിരിക്കാനാണ് സുധാകരപ്രസാദ് ഈ വിധമൊരു നിയമോപദേശം നടത്തിയതെന്ന് പൊതുവെ അഭിപ്രായം ഉയർന്നിരിക്കുന്നു. അഡ്വക്കേറ്റ് ജനലറിന്റെ ഓഫീസ് ഒരിക്കലും ഈ വിധത്തിൽ സംശയിക്കപ്പെടാൻ പാടില്ലായിരുന്നു. കേരളത്തിലെ ഏറ്റവും മുതിർന്ന അഭിഭാഷകനായ അഡ്വ. കെ.രാംകുമാർ, "തയ്യൽക്കാരനിർമിത നിയമോപദേശം" എന്നാണ് സുധാകരപ്രസാദിന്റെ നിയമോപദേശത്തെ പരിഹസിച്ചത്. പ്രതികളെ കുറ്റവിമുക്തരാക്കേണ്ടത് ഭരണഘടനാപരമായി അതിന് ചുമതലപ്പെട്ട കോടതികളാണ്. അതാണ് അഡ്വക്കേറ്റ് ജനറൽ ഉപയോഗിച്ചതെന്ന് രാംകുമാർ മാതൃഭൂമിയിൽ എഴുതി.

അച്യുതാനന്ദൻ ഗവൺമെണ്ട് അധികാരത്തിൽ വന്നയുടനെ എജിയുടെ നിയമോപദേശത്തിന്റെ ബലത്തിൽ കൊക്കോകോള കേരളത്തിൽ നിരോധിച്ചത് ഓർമിക്കുക. കേരളത്തിലെ കടകളിൽ കൊക്കോകോള ഇപ്പോഴും സുലഭം! ഭാവിയിലെ നിയമപണ്ഡിതന്മാർ കേരളത്തിലെ നിയമചരിത്രത്തെ വിലയിരുത്തുമ്പോൾ ജസ്റ്റീസ് രാമൻ നായർക്കും സുധാകരപ്രസാദിനും എന്തു സ്ഥാനമാവും കല്പിക്കുക? ❖

**വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനായ സിഐടിയുവിന്റെ അഖിലേന്ത്യാ തലത്തിലുള്ള ഏറ്റവും പ്രമുഖനായ നേതാവായിരുന്നു അന്തരിച്ച ഇ. ബാലാനന്ദൻ. പോളിറ്റ് ബ്യൂറോ അംഗം കൂടിയായിരുന്ന ഇ. ബാലാനന്ദനെ കേരളത്തിലെ പന്നിയാർ, ചെങ്കുളം, പള്ളിവാസൽ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തെയും ശേഷിവർധനവിനെയും കുറിച്ച് പഠിക്കാനായി സിപിഎം സംസ്ഥാന കമ്മിറ്റി നിയോഗിച്ചു. ആ കമ്മിറ്റിയുടെ നിഗമനം തന്നെ യന്ത്രോപകരണങ്ങൾ പലതും മാറ്റിവയ്ക്കേണ്ടെന്നും 100 കോടി രൂപയ്ക്ക് നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്നുമാണ്. അതാണ് പിണറായി വിജയൻ 374.5 കോടി രൂപയ്ക്ക് ലാവ്ലിൻ കമ്പനിക്ക് കരാർ നല്കിയത്. ഇവിടെയാണ് കേരളത്തിലെ അഡ്വക്കേറ്റ് ജനറൽ, നിയമോപദേശം സംസ്ഥാന സർക്കാരിന് നല്കുന്നുവെന്ന വ്യാജേന പിണറായിയെ കുറ്റവിമുക്തനാക്കാൻ ഫയ**

CYAN MAGENTA YELLOW BLACK

ജർമൻ ഡയറി

ജോർജ് കുറ്റിക്കാട്ട്

2

# അൻഗെലാ മെർക്കൽ വിജയം ആവർത്തിക്കുമോ?

**യൂറോപ്യൻ യൂണിയനിലെ പ്രബല അംഗരാഷ്ട്രമായ ജർമനിയിൽ സെപ്റ്റംബർ 27ന് പാർലമെണ്ട് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്നു. നിലവിലെ ചാൻസലർ ആൻഗെലാ മെർക്കലും വൈസ് ചാൻസലർ ഫ്രാങ്ക് വാൾട്ടെയർ സ്റ്റെയിൻമയറുമാണ് ചാൻസലർ പദവിയിലേക്കു മത്സരിക്കുന്നവർ. പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളായ ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയൻ (സിഡിയു), ക്രിസ്ത്യൻ സോഷ്യൽ യൂണിയൻ (സിഎസ്‌യു) എന്നിവയുടെ സ്ഥാനാർത്ഥിയാണ് ആൻഗെലാ മെർക്കൽ. ഫ്രാങ്ക് വാൾട്ടെയർ സ്റ്റെയിൻമയറാകട്ടെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (എസ്ഡിപി) യുടെ സ്ഥാനാർത്ഥിയും. തെരഞ്ഞെടുപ്പു ഫലം എന്തായാരിക്കുമെന്ന് പ്രവചിക്കാൻ കഴിയാത്തവിധം രണ്ടുപേരും ജർമനിയിൽ വ്യക്തിപ്രഭാവമുള്ളവരാണ്. ഈ സാഹചര്യത്തിൽ നിലവിലെ രാഷ്ട്രീയ സ്ഥിതിഗതികളുടെ വസ്തുനിഷ്ഠമായ വിശകലനത്തിന്റെ രണ്ടാം ഭാഗം.**



ആൻഗെലാ മെർക്കൽ



ഫ്രാങ്ക് വാൾട്ടെയർ സെറ്റെയിൻമയർ



ഡോ.ഹൈനർ ഗൈസ്‌ലർ

ഏറ്റവും പുതിയ സ്ഥിതിവിവരകണക്കനുസരിച്ച്, ജർമനിയിൽ ആകെയുള്ള ജനങ്ങളിൽ 37.6 മില്യൺ ജനങ്ങൾ ഉപജീവനത്തിനുള്ള വക സമ്പാദിക്കുവാൻ കഴിവില്ലാത്തവരാണ്. കുട്ടികൾ, വയോജനങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ എന്നിവരാണ് ഇക്കൂട്ടത്തിൽപെടുന്നത്.

44.4 മില്യൺ ജനങ്ങൾ മാത്രമാണ് ഉപജീവനമാർഗം തേടാൻ കഴിവുള്ളവരുടെ പട്ടികയിലുള്ളത്. നിലവിലുള്ള തൊഴിൽരഹിതരുടെ എണ്ണം 3.6 മില്യൺ ആണ്.

തൊഴിൽ ചെയ്യുന്ന 40.8 മില്യൺ പേരിൽ 27.3 മില്യൺ ആളുകൾക്ക് മാത്രമാണ് സ്ഥിരം ജോലിയുള്ളത്. 4.4 മില്യൺ ആളുകൾ സ്വാശ്രയസ്ഥാപന ഉടമകളാണ്. 4.8 മില്യൺ ജോലിക്കാർ, താത്ക്കാലിക സമയബന്ധിത ജോലി ചെയ്യുന്നവരാണ്. 1.6 മില്യൺ യുവാക്കൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്നവരും, 2.6 മില്യൺ മറ്റുതരത്തിൽ പ്രവർത്തിക്കുന്നവരുമാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.

ലോകസാമ്പത്തിക പ്രതിസന്ധി ഏറ്റവും കൂടുതൽ പോറലേല്പിച്ചിരിക്കുന്നത് ജർമൻ സാമ്പത്തിക ഘടനയെയാണ്. യൂറോപ്പിൽ ഏറ്റവും കടുത്ത പ്രതിസന്ധിയെ നേരിടുന്നത് അയർലൻഡാണ്. ജർമനിയിൽ നടപ്പുവർഷം കഴിയുമ്പോഴേക്കും സാമ്പത്തിക വളർച്ചാനിരക്ക് ആറു ശതമാനം കുറയുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം. ജർമൻ സാമ്പത്തിക മേഖലയിലെ തളർച്ചയെ നേരിടുന്നതിന് അൻഗെലാ മെർക്കൽ പല പരിഹാരനിർദേശങ്ങളും മുന്നോട്ടുവയ്ക്കുന്നുണ്ട്. എങ്കിലും വ്യവസായ മേഖലകളിലെ തളർച്ച ദിനംതോറും രൂക്ഷമാവുകയാണ്. സോഫ്റ്റ്‌വെയർ ഭീമൻ സാപ്, അമേരിക്കൻ ജനറൽ മോട്ടോഴ്സിന്റെ ഒപ്പൽ കാർ നിർമാണശാല, മെർസീഡസ്, ബിഎഎസ്എഫ് കെമിക്കൽ നിർമാണശാല തുടങ്ങിയ വമ്പൻ കമ്പനികളുടെയും പ്രമുഖ സ്വാശ്രയ കമ്പനികളുടെയും തളർച്ചയിൽ ജനങ്ങളും ഗവൺമെണ്ടും ഒരുപോലെ ഉത്ക്കണ്ഠാകുലരാണ്.

ദിനംതോറും സ്വകാര്യകമ്പനികൾ തങ്ങളുടെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം കുറയ്ക്കുന്നതിനായി ആയിരക്കണക്കിന് തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നതായുള്ള വാർത്തകൾ വരുന്നു. കമ്പനികൾ തൊഴിൽ സമയം കുറച്ചുകൊണ്ടുവരുന്നു. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ക്രിയാത്മകമായ പരിഹാരമാർഗങ്ങൾ കണ്ടെത്തുവാൻ കഴിയുന്നില്ലെന്നതാണ് രാഷ്ട്രീയ പാർട്ടികൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. നികുതി പരിഷ്ക്കരണമാണ് മറ്റൊരു വിഷയം.

ബജറ്റ് സമ്മേളനങ്ങളിലുള്ള നികുതി പരിഷ്ക്കരണനിർദേശങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് വാഗ്ദാന പെരുമഴകളായി മാറുന്നു. മിനിമം നികുതി, തൊഴിൽ-വരുമാനനികുതി, വാടക-സ്ഥാവരജംഗമ-ഇഷ്ടദാന നികുതികൾ, വില്പന നികുതി, വ്യവസായ നികുതി എന്നു തുടങ്ങി എല്ലാ വിഭാഗങ്ങളിലും സാധാരണ പൗരന് ആശ്വാസം പകരുന്ന നിലയിലുള്ള നികുതി പരിഷ്ക്കരണമേ നടപ്പാക്കൂ എന്നതാണ് അൻഗെലാ മെർക്കൽ നല്കുന്ന വാഗ്ദാനം.

രാഷ്ട്രീയ കാലാവസ്ഥ എങ്ങനെ മാറിമറിഞ്ഞാലും ജർമനിയിൽ ഒരു കൂട്ടുകക്ഷി സർക്കാരിനേ പ്രസക്തിയുള്ളൂ. വലിയ രാഷ്ട്രീയ പാർട്ടികളുടെ മേൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരുന്നു. സിഡിയു-സിഎസ്‌യുവിന് പതിമൂന്നു ശതമാനവും എസ്പിഡിക്കു എട്ടു ശതമാനവും ജനങ്ങളുടെ പിന്തുണയാണ് ഏറ്റവും ഒടുവിൽ വന്ന സർവേഫലം നല്കുന്നത്.



ജർമൻ പാർലമെണ്ട് റെയ്ച്ച്സ്റ്റാഗ്

■ ■ ■

**ജർമൻ സാമ്പത്തിക മേഖലയിലെ തളർച്ചയെ നേരിടുന്നതിന് അൻഗെലാ മെർക്കൽ പല പരിഹാരനിർദേശങ്ങളും മുന്നോട്ടുവയ്ക്കുന്നുണ്ട്. എങ്കിലും വ്യവസായ മേഖലകളിലെ തളർച്ച ദിനംതോറും രൂക്ഷമാവുകയാണ്. സോഫ്റ്റ്‌വെയർ ഭീമൻ സാപ്, അമേരിക്കൻ ജനറൽ മോട്ടോഴ്സിന്റെ ഓപ്പൽ കാർ നിർമാണശാല, മെർസീഡസ്, ബിഎഎസ്എഫ് കെമിക്കൽ നിർമാണശാല തുടങ്ങിയ വമ്പൻ കമ്പനികളുടെയും പ്രമുഖ സ്വാശ്രയ കമ്പനികളുടെയും തളർച്ചയിൽ ജനങ്ങളും ഗവൺമെണ്ടും ഒരുപോലെ ഉത്ക്കണ്ഠാകുലരാണ്.**

■ ■ ■

തെരഞ്ഞെടുപ്പിനെ നേരിടുന്ന രാഷ്ട്രീയ പാർട്ടികളായ സിഡിയു-സിഎസ്‌യു, എസ്പിഡി, എഫ്ഡിപി, ദി ലിൻകെ, ഗ്രീൻ പാർട്ടി, എൻപിഡി തുടങ്ങിയ രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ സമാനതയുള്ള വാഗ്ദാന പത്രികകളും അവതരിപ്പിച്ചു മുന്നേറുന്ന രംഗമാണ് കാണുന്നത്.

ഒരു വിളിപ്പാടകലെ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സമയത്ത് വിവിധ രാഷ്ട്രീയ നേതൃത്വങ്ങൾ വ്യക്തതയുള്ള, ഭാവിയുള്ള ഒരു കൂട്ടുകക്ഷി സർക്കാരുണ്ടാക്കുന്നതിനാണ് പരിശ്രമിക്കുന്നത്. പ്രസിദ്ധ ആഗോളവത്ക്കരണ വിമർശകനും ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയന്റെ ജനറൽ സെക്രട്ടറിയും മുൻ മന്ത്രിസഭാംഗവുമായിരുന്ന ഡോ. ഹൈനർ ഗൈസ്‌ലർ, ഒരു നിയോ ലിബറൽ കൂട്ടുകക്ഷിഭരണത്തിന് എതിരാണ്. അതേസമയം സിഡിയു-സിഎസ്‌യു-ഗ്രീൻ പാർട്ടി കൂട്ടുകക്ഷി സർക്കാർ രൂപപ്പെടുന്നതിൽ എതിര് പറയുന്നുമില്ല.

ഇതേതുടർന്നെന്നോണം രാഷ്ട്രീയമുതലെടുപ്പിന് വേണ്ടി എൻപിഡി അനുഭാവികൾ കഴിഞ്ഞ ദിവസം ബർലിനിൽ അക്രമം അഴിച്ചുവിട്ടു. തെരഞ്ഞെടുപ്പ് അടുത്തുവരുന്നതോടെ ഇത്തരം അസ്വസ്ഥതകൾ ഏറിവരുന്നത് സ്വാഭാവികമാണ്.

ജർമൻ സാമ്പത്തിക പ്രതിസന്ധിയിൽ ജനങ്ങളുടെ ഉത്ക്കണ്ഠ ശമിപ്പിക്കുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവേകുന്നതിനും നിലവിലുള്ള സർക്കാരിന് വേണ്ടവിധം പ്രവർത്തിക്കുവാൻ കഴിഞ്ഞില്ലായെന്ന ദുഃഖസത്യം ബാക്കിനില്ക്കുമ്പോൾ, അൻഗെലാ മെർക്കലിന് വിജയം ആവർത്തിക്കുവാൻ കഴിയുമോ എന്നാണ് ഏവരും ഉറ്റുനോക്കുന്നത്.

CYAN MAGENTA YELLOW BLACK



>> 1

# ഇന്ത്യ തിളങ്ങുകയാണ് സോണിയാ–മൻമോഹൻ നേതൃത്വത്തിൽ

പക്ഷേ, ജനങ്ങൾക്ക് ധീരമായ ഈ നിലപാടു സ്വീകാര്യമായി എന്നു തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നു.

കോൺഗ്രസ് ഏറ്റവും വലിയ ഒറ്റകക്ഷിയാകും എന്ന കാര്യത്തിൽ തെരഞ്ഞെടുപ്പു സർവേകൾ ഏതാണ്ട് ഏകാഭിപ്രായക്കാരായിരുന്നു. എങ്കിലും ആരും തന്നെ 200 സീറ്റ് കോൺഗ്രസ് നേടും എന്നു പ്രവചിച്ചിരുന്നില്ല. കൂടിയാൽ 180–185, അതിനപ്പുറം പോകില്ല എന്നെല്ലാവരും കണക്കു കൂട്ടി. കോൺഗ്രസും ബിജെപിയും തമ്മിൽ പത്തിൽ താഴെ സീറ്റുകളുടെ വ്യത്യാസവും പ്രവചിക്കപ്പെട്ടു.

പക്ഷേ, ഫലം അവരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകളഞ്ഞു. കോൺഗ്രസ് 206 സീറ്റുകൾ നേടി ഇന്ത്യൻ രാഷ്ട്രീയത്തിൽ ശക്തമായ തിരിച്ചുവരവു നടത്തി. ബിജെപി വെറും 116 സീറ്റുമായി കോൺഗ്രസിനു ബഹുദൂരം പിന്നിൽപോയി. ഉത്തർപ്രദേശിലും മധ്യപ്രദേശിലും ഗുജറാത്തിലും കോൺഗ്രസിനുണ്ടായ നേട്ടം ബിജെപിയെയും മായാവതിയെയുമൊക്കെ ഞെട്ടിച്ചുകളഞ്ഞു.

സിപിഎം ഉൾപ്പെടെയുള്ള ഇടതുകക്ഷികളുടെ അവസ്ഥയാണു ദയനീയം. വേണ്ടിവന്നാൽ പ്രധാനമന്ത്രിസ്ഥാനം ഏറ്റെടുക്കാൻ വരെ തയ്യാറാവും എന്ന ഉള്ളിലിരുപ്പ് വെളിപ്പെടുത്തിയ പാർട്ടി ജനറൽ സെക്രട്ടറി കാരാട്ടിന്റെ പോക്കറ്റ് ഏതാണ്ടു കാലിയാണിപ്പോൾ. 43 സീറ്റു സ്വന്തമായുണ്ടായിരുന്നത് 16 ആയി ചുരുങ്ങി. സിപിഐക്ക് ആറു സീറ്റു നഷ്ടപ്പെട്ടു. നാലു ബാക്കിയായി. ആർഎസ്പിക്കു മൂന്നിൽ ഒന്നു പോയി, രണ്ടു ബാക്കികിട്ടി. വിപ്ലവകക്ഷികൾ വല്ലാതെ മെലിഞ്ഞുപോയി എന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

ഇടതുകക്ഷികൾ ഈ ദയനീയ പരാജയം വിലകൊടുത്തു വാങ്ങിയതാണ്. 2004 മുതൽ 2008ൽ ആണവകരാർ വിഷയത്തിൽ പിന്തുണ പിൻവലിക്കുന്നതുവരെ അവർ കേന്ദ്രഭരണത്തിന് അക്ഷരാർത്ഥത്തിൽ തന്നെ മൂക്കുകയറിടുകയായിരുന്നു. പുല്ക്കൂട്ടിലെ പട്ടിയുടെ സ്വഭാവമായിരുന്നു എന്നു തന്നെ പറയാം. സഹികെട്ടപ്പോൾ മൻമോഹൻ സിംഗു പറഞ്ഞത് പിന്തുണ പിൻവലിക്കേണ്ടവർക്ക് അങ്ങനെ ചെയ്യാം, ഇനിയും മൂക്കുകയറിടാമെന്നു കരുതേണ്ട എന്നായിരുന്നു. വിശ്വാസപ്രമേയത്തിൻമേലുള്ള ചർച്ചയിൽ പ്രധാനമന്ത്രിയെ മറുപടി പറയാൻപോലും ഇടതുപക്ഷം അനുവദിച്ചില്ല. മേശപ്പുറത്തുവച്ച മറുപടിയിൽ പ്രധാനമന്ത്രി തെളിച്ചുപറഞ്ഞത് ഇടംവലം തിരിയാൻ സമ്മതിക്കാതെ ഗവൺമെണ്ടിനു കൂച്ചുവിലങ്ങിടാൻ നടക്കുന്ന ഇടതുകക്ഷികളുടെ നിഷേധാത്മക മനോഭാവത്തെപ്പറ്റിയായിരുന്നു.

പഴഞ്ചൻ പ്രത്യയശാസ്ത്രവും കാലഹരണപ്പെട്ട സാമ്രാജ്യത്വ വിരോധവും ഒക്കെയായി വികസനവിരുദ്ധതയുടെ ആറാട്ടു നടത്തിയ ഇടതുകക്ഷികളെ ഇന്ത്യൻ ജനത ശരിക്കും പാഠം പഠിപ്പിക്കുക തന്നെ ചെയ്തു. അവരുടെ പിന്തുണയില്ലാതെ ഭരിക്കാനുള്ള ഭൂരിപക്ഷം യുപിഎയ്ക്കു കൈയയച്ചു നല്കി. ഇന്ത്യയുടെ രക്ഷയ്ക്ക് മറ്റേതൊരു കക്ഷിയെക്കാളും വിശ്വസിച്ചാശ്രയിക്കാവുന്നതു കോൺഗ്രസിനെയാണെന്നു വിധിയെഴുതുകയും ചെയ്തു.

കാർഷിക കടാശ്വാസം, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ദേശീയ ആരോഗ്യരക്ഷാ പദ്ധതി തുടങ്ങിയ ജനക്ഷേമ പരിപാടികളിലൂടെ ഇന്ത്യയിലെ സാധാരണക്കാർക്ക് ആശ്വാസം പകർന്ന മൻമോഹൻ ഗവൺമെണ്ടിനോട് വോട്ടിംഗിലൂടെ അവർ നന്ദി പ്രകടിപ്പിക്കുകയാണു ചെയ്തിരിക്കുന്നത്. ഇന്ത്യയുടെ ഊർജദൗർലഭ്യം പരിഹരിക്കാനുള്ള സുപ്രധാന ചുവടുവയ്പായിരുന്നു ഇന്തോ– അമേരിക്ക ആണവകരാർ. അക്കാര്യത്തിൽ മൻമോഹൻ ഗവൺമെണ്ട് സ്വീകരിച്ച ധീരമായ നിലപാടു ജനങ്ങൾക്കു പ്രിയങ്കരമായി. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ആഘാതം ഏല്ക്കാതെ ഇന്ത്യയെ സംരക്ഷിക്കാനും യുപിഎ സർക്കാരിനു കഴിഞ്ഞു. ബഹിരാകാശ നേട്ടങ്ങൾ ഓരോ ഇന്ത്യക്കാരന്റെയും അഭിമാനമായി മാറി.

ഈ നേട്ടങ്ങളാണ്, നെഹ്റുവിനുശേഷം ഒരു ഗവൺമെണ്ടിനു രണ്ടാമൂഴം നല്കുന്ന അവിശ്വസനീയമായ വിധിയെഴുത്തിന് ഇന്ത്യൻ ജനതയെ പ്രേരിപ്പിച്ചത്. രാഹുൽ ഗാന്ധിയുടെ പ്രതീക്ഷാവഹമായ യുവനേതൃത്വവും, സോണിയാ ഗാന്ധിയുടെ ത്യാഗോജ്ജ്വലവും സംയമനധീരവുമായ മാതൃകാനേതൃത്വവും മൻമോഹൻ ഗവൺമെണ്ടിന്റെ ജനപ്രീതി വർധിപ്പിച്ച മറ്റു ഘടകങ്ങളാണ്. വാസ്തവത്തിൽ ഇപ്പോളാണ് ഇന്ത്യ അക്ഷരാർത്ഥത്തിൽ തിളങ്ങുന്നത്.

ഈ നേട്ടത്തിലൊരു പങ്കു കേരളത്തിനും അവകാശപ്പെടാം, യുപിഎ ഗവൺമെണ്ടിന്റെ എല്ലാ ജനക്ഷേമ കർമപരിപാടികൾക്കും ഇരുകൈകളും ഉയർത്തി പിന്തുണനല്കാൻ 16 പേരെ ലോകസഭയിലേക്ക് അയയ്ക്കാൻ നമുക്കു കഴിഞ്ഞല്ലോ. ♦

**പഴഞ്ചൻ പ്രത്യയശാസ്ത്രവും കാലഹരണപ്പെട്ട സാമ്രാജ്യത്വ വിരോധവും ഒക്കെയായി വികസനവിരുദ്ധതയുടെ ആറാട്ടു നടത്തിയ ഇടതുകക്ഷികളെ ഇന്ത്യൻ ജനത ശരിക്കും പാഠം പഠിപ്പിക്കുക തന്നെ ചെയ്തു. അവരുടെ പിന്തുണയില്ലാതെ ഭരിക്കാനുള്ള ഭൂരിപക്ഷം യുപിഎയ്ക്കു കൈയയച്ചു നല്കി. ഇന്ത്യയുടെ രക്ഷയ്ക്ക് മറ്റേതൊരു കക്ഷിയെക്കാളും വിശ്വസിച്ചാശ്രയിക്കാവുന്നതു കോൺഗ്രസിനെയാണെന്നു വിധിയെഴുതുകയും ചെയ്തു.**



ന്യൂഡൽഹി കേരളഹൗസിന്റെ മുമ്പിൽ കേരളാ പ്രവാസി കോൺഗ്രസിന്റെ ആഹ്ലാദപ്രകടനം

>> 14

## "ഓരോന്നിങ്ങനെയൂഹമോ നിഗമമോ ലാക്കാക്കിയോതാം"

മുമ്പൊരിക്കൽ ആസാദ് സൂചിപ്പിച്ചത് ഇക്കാര്യത്തിലെങ്കിലും മുഖവിലയ്ക്കെടുക്കാം: പാർട്ടി അംഗങ്ങളോ അനുഭാവികളോ ആയി ഇടതുപക്ഷത്തെയാകെ സ്നേഹിക്കുന്ന ബഹുജനങ്ങൾ ആശങ്കപ്പെടുന്നത് വാർത്തകൾ ചോരുന്നു എന്നതിനെക്കാൾ, തൊഴിലാളിവർഗ പ്രസ്ഥാനത്തിനകത്ത് അതിന്റെ പ്രത്യയശാസ്ത്ര ദാർഢ്യവും പ്രയോഗക്ഷമതയും കൈമോശം വന്നുതുടങ്ങി എന്നതിലാണ്.

ബൂർഷ്വാ മാധ്യമലോകത്തിന്റെ വർഗസ്വഭാവം അറിയുന്നവർക്ക് അവരുടെ വഴിയും ലക്ഷ്യവും തിരിച്ചറിയാനാകും. എന്നാൽ പ്രതിരോധപ്രസ്ഥാനത്തിനകത്ത് ശത്രുക്കൾ രൂപപ്പെടുന്നത് എങ്ങനെ ഒഴിവാക്കാനാകും എന്നാണ് പാർട്ടി ചിന്തിക്കേണ്ടത്. (മാധ്യമങ്ങൾക്ക് വിവരങ്ങൾ നല്കുന്നത് ആരാണ്?)

രാഷ്ട്രീയ–സാംസ്കാരിക, പത്രപ്രവർത്തനരംഗത്തെ അതികായന്മാർ ആ വാർത്തയോടു പ്രതികരിച്ചതിന്റെ ഊർജമെങ്കിലും അച്യുതാനന്ദൻ ഉൾക്കൊള്ളേണ്ടതായിരുന്നു. നന്ദികേടിന്റെ പെരുമ്പറ മുഴക്കി, തൊട്ടതിനൊക്കെയും പഴിച്ചും ക്രൂശിച്ചും രാജി ആവശ്യപ്പെട്ട സെക്രട്ടേറിയറ്റ് നടപടി ആരെയാണ് പരുങ്ങലിലാക്കിയിരിക്കുന്നത്; പ്രസ്ഥാനത്തെയല്ലാതെ? ഇതൊന്നും കണ്ടു വിളറിയെടുക്കേണ്ട അനുഭവപരിചയമല്ല ഈ വൃദ്ധനേതാവിന്റേത്.

'നിർഭയമായി നിന്നു പോരാടിടാം
ദുർഭരണ ദുർനയങ്ങളോടൊക്കവേ
കൈക്കരുത്തു കുറഞ്ഞാൽ കുറയട്ടെ;
സത്യശക്തി സുലഭമായുണ്ടല്ലോ?'

എന്ന ലളിതാംബിക അന്തർജനത്തിന്റെ സ്വാതന്ത്ര്യഗീതിയെങ്കിലും സഹായത്തിനുണ്ടാവും; പ്രത്യേകിച്ച് പുന്നപ്ര വയലാർ സമരകാലത്ത് പൂഞ്ഞാറിലും രാമപുരത്തും ഒളിവിൽ പാർത്ത അച്യുതാനന്ദന്.

എ.ആർ.രാജരാജവർമയുടെ ദേഹവിയോഗത്തിൽ അനുശോചിച്ച് ക്രാന്തദർശിയായ കുമാരനാശാൻ എഴുതിയ പ്രരോദനത്തിലെ കാവ്യഭാഗം ചിലരെങ്കിലും ഓർമിക്കുന്നുണ്ടാവും:

ഓരോന്നിങ്ങനെയൂഹമോ നിഗമമോ
ലാക്കാക്കിയോതാം ചിലർ
ക്കാരോതുന്നിതു തത്ത്വ? മെങ്ങനെ–
യൊരാൾ
കാണുന്നിതങ്ങേപ്പുറം?

ദുഗ്രഹമല്ലാത്ത വാർത്ത വന്ന വഴിയിൽത്തന്നെ നിശ്ചലമായി, അസംബന്ധനാടകത്തിലെ സംഭാഷണം പോലെ അർത്ഥതലം തേടുകയാണ്. കാണാൻ പോകുന്ന പൂരത്തിന്റെ തത്ത്വമോ തനിയാവർത്തനമോ അല്ലാതെ മറ്റെന്താണിത്?

## ജോസ് കെ. മാണിയുടെ വിജയം യൂത്ത് ഫ്രണ്ട് (എം) പ്രകടനം നടത്തി



യൂത്ത് ഫ്രണ്ട് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഹ്ലാദപ്രകടനം. ജില്ലാ പ്രസിഡണ്ട് സി.ആർ.സുനു, സംസ്ഥാന വൈസ് പ്രസിഡണ്ട് വർക്കല സജീവ്, ശാന്തകുമാർ, സോളമൻ പീറ്റർ, ബാലരാമപുരം കണ്ണൻ, പത്മകുമാർ, ജസ്റ്റിൻ രാജ്, കിള്ളിപ്പാലം ജോസഫ്, പാപ്പനംകോട് ജയചന്ദ്രൻ, വേങ്കോട് കുമാർ, അഡ്വ.വഴയില ബിജു, താന്നിവിള ബിനു, ശാസ്തുവട്ടം സുധീർ, രാജമണി എന്നിവർ മുൻനിരയിൽ

CYAN MAGENTA YELLOW BLACK



# ന്യൂസ് ഡയറി
## (10-16 മെയ് 2009)

പി. ആർ.



## കേരളം

**10.** പിണറായിയും വി.എസ്. അച്യുതാനന്ദനും അവർ തമ്മിലുള്ള വ്യക്തിവൈരാഗ്യം മറ്റെവിടെയെങ്കിലും കൊണ്ടുപോയി അലക്കണമെന്ന് സുകുമാർ അഴീക്കോട്.



- സിപിഎമ്മിൽനിന്നു പുറത്താക്കപ്പെട്ടതിനുശേഷം സിപിഐയിൽ ചേരാൻ ഗൗരിയമ്മ പാർട്ടി ഓഫീസിലേക്ക് ദൂതന്മാരെ അയച്ചതായി സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ. എന്നാൽ വെളിയത്തിന്റെ പ്രസ്താവന വാസ്തവവിരുദ്ധമാണെന്ന് ഗൗരിയമ്മ.

**11.** ലാവ്‌ലിൻകേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യേണ്ടതില്ലെന്ന നിർദേശത്തെക്കുറിച്ച് ഗവർണർ ആർ.എസ്.ഗവായ് സർക്കാരിനോട് കൂടുതൽ വിശദീകരണം തേടി.



- വിമാനയാത്രാ വിവാദ കേസിൽ കേരളാ കോൺഗ്രസ് (ജെ) ചെയർമാനും മുൻ മന്ത്രിയുമായ പി.ജെ.ജോസഫിനെ തമിഴ്നാട്ടിലെ ശ്രീപെരുംപുതൂർ ജില്ലാ മജിസ്ട്രേറ്റ് കോടതി കുറ്റവിമുക്തനാക്കി.



**12.** 2,61,419 പേർ എഴുതിയ ഹയർ സെക്കണ്ടറി പരീക്ഷയിൽ 76.46 ശതമാനം വിജയം.



- സിപിഎം-ഡിവൈഎഫ് ഐ പ്രവർത്തകർ അമ്പലപ്പുഴയിൽ കോൺഗ്രസ്, യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസുകൾ അടിച്ചുതകർത്തു.

**13.** തീവ്രവാദകേസുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പിടിയിലായവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പിഡിപി ചെയർമാൻ അബ്ദുൾ നാസർ മഅദനിയെ സംസ്ഥാന തീവ്രവാദവിരുദ്ധ സ്‌ക്വാഡ് എറണാകുളത്തെ വസതിയിൽ 11 മണിക്കൂറോളം ചോദ്യം ചെയ്തു.



- ഇതര പിന്നോക്കവിഭാഗങ്ങളിലെ മേല്‍ത്തട്ടു നിർണയത്തിനുള്ള വാർഷികവരുമാന പരിധി രണ്ടരലക്ഷം രൂപയിൽനിന്ന് നാലരലക്ഷം രൂപയായി ഉയർത്തിയ സംസ്ഥാനസർക്കാരിന്റെ ഉത്തരവിനെതിരെ എൻഎസ്എസ് സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് സുപ്രീംകോടതി നോട്ടീസ്.



**14.** തമിഴ് വംശജനും ശ്രീലങ്കൻ മുൻ വിദേശകാര്യമന്ത്രിയുമായിരുന്ന ലക്ഷ്മൺ കതിർഗമറിനെ വധിച്ച കേസിൽ എൽടിടിഇ തലവൻ വേലുപ്പിള്ള പ്രഭാകരനും പൊട്ടുഅമ്മാനും കൊളംബോ ഹൈക്കോടതി വാറന്റയച്ചു.

- സെക്രട്ടറിയേറ്റിൽ പ്രതിപക്ഷ സംഘടനയിൽപെട്ട ഉദ്യോഗസ്ഥരെ സഹകരണമന്ത്രിയുടെ ഓഫീസ് ജീവനക്കാർ മർദ്ദിക്കാനിടയായ സംഭവത്തെക്കുറിച്ച് ചീഫ് സെക്രട്ടറി അന്വേഷിക്കും.

**15.** സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റി ചെയർമാനായി ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫിനെ നിയമിച്ചു.

- കണ്ണൂരിൽ സിപിഎം പ്രവർത്തകർ മംഗളം പത്രത്തിന്റെ ഓഫീസ് അടിച്ചുതകർത്തു.

**16.** ലാവ്‌ലിൻ കേസു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നല്കിയ റിപ്പോർട്ട് ചോർന്നതിന് മറുപടി പറയേണ്ടത് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനാണെന്ന് മന്ത്രി സി.ദിവാകരൻ.



- തെരഞ്ഞെടുപ്പ് പ്രചാരണാർത്ഥം തിരുവനന്തപുരം നഗരത്തിൽ പതിച്ചിരുന്ന തന്റെ പോസ്റ്ററുകൾ യുഡിഎഫ് സ്ഥാനാർത്ഥി ശശി തരൂർ പ്രവർത്തകർക്കൊപ്പമെത്തി നീക്കം ചെയ്തു.



## ദേശീയം

**10.** കന്നഡയ്ക്കു പൗരാണിക ഭാഷാപദവി നല്കി കേന്ദ്രസർക്കാർ ഉത്തരവിറക്കി.

- സിപിഎമ്മിൽനിന്നും പുറത്താക്കപ്പെട്ട മുൻ സ്പീക്കർ സോമനാഥ് ചാറ്റർജി, മുൻ എംപി സെയ്ഫുദീൻ ചൗധരി എന്നിവരെ പാർട്ടിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി താൻ വ്യക്തിപരമായി ശ്രമം നടത്തുന്നുണ്ടെന്നു പശ്ചിമബംഗാൾ മുഖ്യമന്ത്രിയും പോളിറ്റ് ബ്യൂറോ അംഗവുമായ ബുദ്ധദേവ് ഭട്ടാചാര്യ വെളിപ്പെടുത്തി.



**11.** കോൺഗ്രസ് തൊട്ടുകൂടാത്തവരല്ലെന്നും തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷം മറ്റുകാര്യങ്ങൾ തീരുമാനിക്കുമെന്നും ബംഗാൾ മുഖ്യമന്ത്രിയും പോളിറ്റ് ബ്യൂറോ അംഗവുമായ ബുദ്ധദേവ് ഭട്ടാചാര്യ.

- ഛത്തീസ്ഗഡിലെ ധംതരി ജില്ലയിൽ പോലീസ് വാഹനത്തിനുനേരെ നക്സലുകൾ നടത്തിയ കുഴിബോംബ് ആക്രമണത്തിൽ 14 മരണം.

**12.** രാഷ്ട്രം പത്മവിഭൂഷൺ നല്കി ആദരിച്ച നാവിക സേനാ മുൻ മേധാവി അഡ്മിറൽ എസ്.എം.നന്ദ (93) അന്തരിച്ചു.



- ലോക നേഴ്സിംഗ് ദിനത്തോടനുബന്ധിച്ച് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള 29 നേഴ്സുമാർക്ക് 2009ലെ ഫ്ളോറൻസ് നൈറ്റിംഗേൽ അവാർഡുകൾ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ സമ്മാനിച്ചു.



**13.** മുതിർന്ന കോൺഗ്രസ് നേതാവ് ഡി.ഡി.ലപാങ് മേഘാലയ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



- ഉത്തർപ്രദേശിലെ പിലിബിത്ത് ലോക്‌സഭാ മണ്ഡലത്തിലെ ബിജെപി സ്ഥാനാർത്ഥി വരുൺ ഗാന്ധിക്കെതിരെ ദേശീയ സുരക്ഷാനിയമപ്രകാരം എടുത്ത കേസ് പിൻവലിക്കാൻ സംസ്ഥാനസർക്കാരിനോട് സുപ്രീംകോടതി ആവശ്യപ്പെട്ടു.



**14.** ഹൈദരാബാദിലെ നൈസാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ശസ്ത്രക്രിയയെ തുടർന്നു ശരീരം എന്നെന്നേയ്ക്കുമായി തളർന്നുപോയ ഇൻഫോസിസിലെ സോഫ്റ്റ്‌വെയർ എൻജിനീയർ പ്രശാന്ത് ധനകയ്ക്കു ഒരു കോടിരൂപ നഷ്ടപരിഹാരം നല്കാൻ സുപ്രീംകോടതി ഉത്തരവ്.

- ഗുജറാത്ത് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്കും പരുക്കുപറ്റിയവർക്കും പ്രഖ്യാപിച്ച സഹായധനം രണ്ടുമാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന് സംസ്ഥാനസർക്കാരിനോട് ഹൈക്കോടതി.



**15.** സോമനാഥ് ചാറ്റർജിയെ പാർട്ടിയിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണനയിൽ ഇല്ലെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം എം.കെ.പാന്ഥേ.



- മുതിർന്ന സിപിഐ നേതാവും മുൻ എംപിയുമായ ഹോമിദാജി (84) മധ്യപ്രദേശിലെ ഇൻഡോറിൽ അന്തരിച്ചു.

**16.** പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ് സിങ് ബാദലിനും കുടുംബത്തിനുമെതിരായ അഴിമതിക്കേസുകളുടെ വിചാരണ സംസ്ഥാനത്തിനു പുറത്ത് നടത്തണമെന്ന കോൺഗ്രസ് നേതാവ് അമരീന്ദർസിങ്ങിന്റെ ഹർജി സുപ്രീം കോടതി തള്ളി.



## വിദേശം

**10.** ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ടായി ചുമതലയേറ്റ ജേക്കബ് സുമ ആറ് ഇന്ത്യൻ വംശജരെ ഉൾപ്പെടുത്തി 40 അംഗ മന്ത്രിസഭ രൂപീകരിച്ചു.

- ഇന്ത്യ, പാകിസ്ഥാന് ഭീഷണിയല്ലെന്നും യഥാർത്ഥ ഭീഷണി പാകിസ്ഥാനിൽതന്നെയുള്ള തീവ്രവാദ ഗ്രൂപ്പുകളാണെന്നും പ്രസിഡണ്ട് ആസിഫ് അലി സർദാരി.

**11.** ഇസ്ലാമിക രാജ്യത്ത് ആദ്യമായി അധികാരത്തിലേറിയ വനിതയായ ബേനസീറിനെ പുറത്താക്കാൻ 1989ൽ അന്നത്തെ പ്രതിപക്ഷത്തിന് അമേരിക്കൻ പ്രസിഡണ്ടായിരുന്ന ബുഷ് സീനിയർ ഒരു കോടി ഡോളർ നല്കിയതായി പാകിസ്ഥാൻ പ്രസിഡണ്ട് ആസിഫ് അലി സർദാരി.

- കര്യാമുല്ലൈവയ്ക്കലിൽ വച്ച് നടന്ന ഏറ്റുമുട്ടലിൽ എൽടിടിഇയുടെ സൈനിക വക്താവ് റസ്സു ഇളന്തിരിയനും കടൽ പുലിസേനാ ഉപമേധാവി ചേലിയനും കൊല്ലപ്പെട്ടതായി ശ്രീലങ്കൻ സൈന്യം.

**12.** അമേരിക്കയ്ക്കുവേണ്ടി ചാരവൃത്തി നടത്തിയെന്ന കുറ്റമാരോപിച്ച് ഇറാനിൽ എട്ടുവർഷം തടവിനു ശിക്ഷിക്കപ്പെട്ടിരുന്ന സ്വതന്ത്ര യുഎസ് പത്രപ്രവർത്തക റെക്സാന സബേരിയെ അപ്പീൽ കോടതി മോചിപ്പിച്ചു.

- ബാഗ്ദാദിലെ ക്യാമ്പ് ലിബർട്ടിയിൽ സഹപ്രവർത്തകന്റെ വെടിയേറ്റ് അഞ്ച് യുഎസ് സൈനികർ കൊല്ലപ്പെട്ടു.

**13.** ഇറാനെതിരെ മുന്നറിയിപ്പില്ലാതെ കടുത്ത നടപടി സ്വീകരിക്കരുതെന്ന് അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമ, ഇസ്രായേൽ പ്രധാനമന്ത്രി ബന്യാമിൻ നെതന്യാഹുവിനോട് ആവശ്യപ്പെട്ടു.



- ശ്രീലങ്കയിലെ തീരദേശ ജില്ലയായ മുല്ലൈത്തീവിലെ താത്ക്കാലിക ആശുപത്രിക്കു നേരെ ഉണ്ടായ ഷെല്ലാക്രമണത്തിൽ 49 മരണം.

**14.** നോബൽസമ്മാന ജേതാവും മ്യാൻമറിലെ സ്വാതന്ത്ര്യസമര നായികയുമായ ഓങ്‌സാൻ സൂകിയ്ക്കെതിരെ പട്ടാളഭരണകൂടം അഞ്ചുവർഷം വരെ തടവുലഭിക്കാവുന്ന പുതിയ കേസ് ചുമത്തി.



താലിബാനെതിരെ പാകിസ്ഥാൻ സർക്കാർ തുടരുന്ന നടപടികൾക്ക് ഐക്യരാഷ്ട്ര സഭയുടെ പൂർണ പിന്തുണ ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി ജനറൽ ബാൻ കി മൂൺ.

**15.** പശ്ചിമേഷ്യയിൽ ശാശ്വത സമാധാനത്തിനായി പാലസ്തീൻ രാഷ്ട്രം എത്രയും വേഗം രൂപീകരിക്കണമെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ.



- സ്വാത് താഴ്‌വരയോടു ചേർന്നുള്ള മലികന്ദ് ഡിവിഷനിൽനിന്നുള്ള എംപിമാരെല്ലാം മൂന്നുദിവസത്തിനുള്ളിൽ രാജിവയ്ക്കണമെന്നും അല്ലാത്തപക്ഷം കുടുംബാംഗങ്ങളെ അപായപ്പെടുത്തുമെന്നും താലിബാൻ.

**16.** അമേരിക്ക പരാജയം ഏറ്റുവാങ്ങിയ വിയറ്റ്നാം യുദ്ധത്തിന്റെ ചിത്രങ്ങൾ പകർത്തിയ ഡച്ച് ഫോട്ടോ ജേർണലിസ്റ്റ് ഹ്യൂവാൻ ഏസ് (67) അന്തരിച്ചു.

************ & ************

പ്രതിച്ഛായ വാരിക
2009 മെയ് 27
ഒരു കോപ്പി വില - 7.00
വരിസംഖ്യ വാർഷികം - 300
അർധ വാർഷികം - 160


റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക


Prathichaya
NEWS WEEKLY



Email : pratichaya@gmail.com
Website: www.pratichaya.com



PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment


# പതിനഞ്ചാം ലോക്സഭയിൽ കേരളം

## ആലപ്പുഴ



**കെ.സി വേണുഗോപാൽ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 57,635
ആകെ വോട്ട് - 11,47,162
കെ.സി.വേണുഗോപാൽ (കോൺഗ്രസ് ഐ) - 4,68,679
ഡോ.കെ.എസ്.മനോജ് (സിപിഎം) - 4,11,044

## ആലത്തൂർ



**പി.കെ.ബിജു**
*(സിപിഎം)*

ഭൂരിപക്ഷം - 20,960
ആകെ വോട്ട് - 10,89,688
പി.കെ.ബിജു (സിപിഎം) - 3,87,352
എൻ.കെ.സുധീർ (കോൺഗ്രസ് ഐ) - 3,66,392

## ആറ്റിങ്ങൽ



**അഡ്വ.എ.സമ്പത്ത്**
*(സിപിഎം)*

ഭൂരിപക്ഷം - 18,341
ആകെ വോട്ട് - 10,73,148
അഡ്വ.എ.സമ്പത്ത് (സിപിഎം) - 3,28,036
പ്രൊഫ.ജി.ബാലചന്ദ്രൻ (കോൺഗ്രസ് ഐ) - 3,09,695

## ചാലക്കുടി



**കെ.പി.ധനപാലൻ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 71,679
ആകെ വോട്ട് - 10,74,429
കെ.പി.ധനപാലൻ (കോൺഗ്രസ് ഐ) - 3,99,035
അഡ്വ.യു.പി.ജോസഫ് (സിപിഎം) - 3,27,356

## കോഴിക്കോട്



**എം.കെ.രാഘവൻ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 838
ആകെ വോട്ട് - 10,53,817
എം.കെ.രാഘവൻ (കോൺഗ്രസ് ഐ) - 3,42,309
അഡ്വ.പി.എ.മുഹമ്മദ് റിയാസ് (സിപിഎം) - 3,41,471
വി.മുരളീധരൻ (ബിജെപി) - 89,718

## എറണാകുളം



**പ്രൊഫ. കെ.വി.തോമസ്**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 11,790
ആകെ വോട്ട് - 10,21,957
പ്രൊഫ.കെ.വി.തോമസ് (കോൺഗ്രസ് ഐ) - 3,42,845
സിന്ധു ജോയി (സിപിഎം) - 3,31,055

## ഇടുക്കി



**അഡ്വ.പി.ടി.തോമസ്**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 74,796
ആകെ വോട്ട് - 10,61,666
അഡ്വ.പി.ടി.തോമസ് (കോൺഗ്രസ് (ഐ) - 4,08,484
അഡ്വ.കെ.ഫ്രാൻസിസ് ജോർജ് (കേരളാ കോൺഗ്രസ് (ജെ) - 3,33,688

## കണ്ണൂർ



**കെ.സുധാകരൻ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 43,151
ആകെ വോട്ട് - 10,61,141
കെ.സുധാകരൻ (കോൺഗ്രസ് ഐ) - 4,32,878
കെ.കെ.രാഗേഷ് (സിപിഎം) - 3,89,727

## മാവേലിക്കര



**കൊടിക്കുന്നിൽ സുരേഷ്**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 48,048
ആകെ വോട്ട് - 11,35,548
കൊടിക്കുന്നിൽ സുരേഷ് (കോൺഗ്രസ് ഐ) - 3,97,211
ആർ.എസ്.അനിൽ (സിപിഐ) - 3,49,163

## കൊല്ലം



**എൻ.പീതാംബരകുറുപ്പ്**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 17,531
ആകെ വോട്ട് - 11,03,420
എൻ.പീതാംബരകുറുപ്പ് (കോൺഗ്രസ് ഐ) - 3,57,401
പി.രാജേന്ദ്രൻ (സിപിഎം) - 3,39,870

## കോട്ടയം



**ജോസ് കെ.മാണി**
*(കേരളാ കോൺഗ്രസ് (എം))*

ഭൂരിപക്ഷം - 71,570
ആകെ വോട്ട് - 10,95,242
ജോസ് കെ.മാണി (കേരളാ കോൺഗ്രസ് (എം)) - 4,04,962
അഡ്വ.സുരേഷ് കുറുപ്പ് (സിപിഎം) - 3,33,392

## കാസർഗോഡ്



**പി.കരുണാകരൻ**
*(സിപിഎം)*

ഭൂരിപക്ഷം - 64,427
ആകെ വോട്ട് - 11,11,414
പി.കരുണാകരൻ (സിപിഎം) - 3,85,522
ഷാഹിദാ കമാൽ (കോൺഗ്രസ് ഐ) - 3,21,095
കെ.സുധാകരൻ (ബിജെപി) - 1,25,482

## മലപ്പുറം



**ഇ.അഹമ്മദ്**
*(മുസ്ലീം ലീഗ്)*

ഭൂരിപക്ഷം - 1,15,597
ആകെ വോട്ട് - 10,19,151
ഇ.അഹമ്മദ് (മുസ്ലീം ലീഗ്) - 4,27,940
ടി.കെ.ഹംസ (സിപിഎം) - 3,12,343

## പാലക്കാട്



**എം.ബി.രാജേഷ്**
*(സിപിഎം)*

ഭൂരിപക്ഷം - 1,820
ആകെ വോട്ട് - 10,63,914
എം.ബി.രാജേഷ് (സിപിഎം) - 3,38,070
സതീശൻ പാച്ചേനി (കോൺഗ്രസ് ഐ) - 3,36,250

## പത്തനംതിട്ട



**ആന്റോ ആന്റണി**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 1,11,206
ആകെ വോട്ട് - 12,08,376
ആന്റോ ആന്റണി (കോൺഗ്രസ് ഐ) - 4,08,232
അനന്തഗോപൻ (സിപിഎം) - 2,97,026

## പൊന്നാനി



**ഇ.ടി.മുഹമ്മദ് ബഷീർ**
*(മുസ്ലീം ലീഗ്)*

ഭൂരിപക്ഷം - 82,684
ആകെ വോട്ട് - 9,96,433
ഇ.ടി.മുഹമ്മദ് ബഷീർ (മുസ്ലീം ലീഗ്) - 3,85,801
ഡോ.ഹുസൈൻ രണ്ടത്താണി (സ്വതന്ത്രൻ) - 3,03,117

## തിരുവനന്തപുരം



**ശശി തരൂർ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 99,998
ആകെ വോട്ട് - 11,02,476
ശശി തരൂർ (കോൺഗ്രസ് ഐ) - 3,26,725
അഡ്വ.പി.രാമചന്ദ്രൻ നായർ (സിപിഐ) - 2,26,727
ഡോ.എ. നീലലോഹിതദാസൻ നാടാർ (ബിഎസ്പി) - 86,233
പി.കെ.കൃഷ്ണദാസ് (ബിജെപി) - 84,094

## തൃശൂർ



**പി.സി.ചാക്കോ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 25,151
ആകെ വോട്ട് - 11,73,047
പി.സി.ചാക്കോ (കോൺഗ്രസ് ഐ) - 3,85,297
സി.എൻ.ജയദേവൻ (സിപിഐ) - 3,60,146

## വടകര



**മുല്ലപ്പള്ളി രാമചന്ദ്രൻ**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 56,186
ആകെ വോട്ട് - 10,68,452
മുല്ലപ്പള്ളി രാമചന്ദ്രൻ (കോൺഗ്രസ് ഐ) - 4,21,255
അഡ്വ.പി.സതീദേവി (സിപിഎം) - 3,65,069

## വയനാട്



**എം.ഐ.ഷാനവാസ്**
*(കോൺഗ്രസ് ഐ)*

ഭൂരിപക്ഷം - 1,53,439
ആകെ വോട്ട് - 11,01,635
എം.ഐ.ഷാനവാസ് (കോൺഗ്രസ് ഐ) - 4,10,703
അഡ്വ.എം.റഹ്മത്തുള്ള (സിപിഐ) - 2,57,264
കെ.മുരളീധരൻ (എൻസിപി) - 99,663


Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.